കൾ വളരെ വേഗം തന്നെ പൂർത്തിയാക്കുന്നതാണെന്ന് ബഹുമാനപ്പെട്ട എം. എൽ.എ. യെ അറിയിക്കുന്നു.

(17) കേരള സ്റ്റേറ്റ് മത്സ്യത്തൊഴിലാളി ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ആഫീസുകളിലേയ്ക്കുള്ള മാർച്ച്

<u>ശ്രീ. പി. രാജു</u> : സർ, 5-ാമത്തെ സബ്മിഷനാണ് ഞാൻ ഇത് സംബന്ധിച്ച് അവതരിപ്പിക്കുന്നത്. ഈ സബ്മിഷൻകൊണ്ടും കാര്യമായ ഫലമൊന്നും ഉണ്ടാകുകയില്ല എന്നുതന്നെയാണ് ഞാൻ പ്രതീക്ഷിക്കുന്നത്. എന്നാൽ ജനാധിപത്യ മര്യാദ അനുസരിച്ച് ഒരു സബ്മിഷൻ ഇവിടെ അവതരിപ്പിക്കുന്നുവെന്നു മാത്രം. ഒരേ വിഷയത്തെ സംബന്ധിച്ചുള്ളതാണിത്. സംസ്ഥാനത്തെ ഒരു വിഭാഗം മത്സ്യത്തൊഴിലാളി ക്ഷേമ സംഘങ്ങൾക്ക് മത്സ്യഫെഡ്ഡിൽ അഫിലിയേഷനും അതുപോലെതന്നെ രജിസ്ട്രേഷനും നൽകാത്ത ജനാധിപത്യ വിരുദ്ധമായ നടപടിയാണ് ഇന്നും കേരളത്തിൽ മത്സ്യഫെഡ്ഡും, ഫിഷറീസ് ഡിപ്പാർട്ടുമെന്റും നടത്തിക്കൊണ്ടിരിക്കുന്നത്. ഇതിൽ പ്രതിഷേധിച്ചുകൊണ്ട് ഇന്ന് മത്സ്യത്തൊഴിലാളി ഫെഡറേഷൻ എ.ഐ.റ്റി.യു.സി.-യുടെ അഭിമുഖ്യത്തിൽ കേരളത്തിലെ എല്ലാ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർമാരുടെ ഓഫീസിലേക്കും മാർച്ച് നടത്തുകയാണ്. 630 സഹകരണ സംഘങ്ങൾ മത്സ്യഫെഡ്ഡിൽ അഫിലിയേറ്റ് ചെയ്തിട്ടുണ്ട്. ഇതിൽ 520-ഓളം സഹകരണസ്ഥാപനങ്ങൾക്ക് ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് അഫിലിഷേൻ നൽകിയിട്ടുള്ളത്. എ.ഐ.റ്റി.യു.സിയുമായി ബന്ധപ്പെട്ട് 100-ഓളം സഹകരണ സംഘങ്ങൾ അഫിലിയേഷനുവേണ്ടി അപേക്ഷ നൽകിയിട്ടുണ്ടായിരുന്നു. രജിസ്ട്രേഷനുവേണ്ടി നൽകിയ അപേക്ഷകൾ എല്ലാം തന്നെ ഇന്ന് നിരസിക്കപ്പെട്ടിരിക്കുകയാണ്, തടഞ്ഞുവച്ചിരിക്കുകയാണ്. മത്സ്യഫെഡ്ഡിൽ എല്ലാ തർക്കങ്ങളും തീർത്തിരിക്കുന്ന അപേക്ഷകളിൽ തീരുമാനം എടുക്കാതെ മനപൂർവ്വം മത്സ്യഫെഡ്ഡിന്റെ ബോർഡ് നീട്ടികൊണ്ടുപോവുകയാണ്. കേരള നിയമസഭ പാസ്സാക്കിയ സഹകരണസംഘം നിയമത്തിലെ 8 (എ) എന്ന വകുപ്പനുസരിച്ച് മത്സ്യ ഫെഡിൽ അപ്ലൈക്സ് സൊസൈറ്റിയിൽ അഫിലിയേഷനുവേണ്ടി സമർപ്പിക്കപ്പെട്ട അപേക്ഷകളിൽ 60 ദിവസ കാലത്തിനുള്ളിൽ തീരുമാനമെടുക്കണമെന്ന വ്യവസ്ഥ നിലവിലിരിക്കുമ്പോൾപോലും കഴിഞ്ഞ 25 മാസക്കാലമായി മത്സ്യഫെഡ്ഡിൽ അപേക്ഷിച്ച ആ അഫിലിയേഷനുള്ള അപേക്ഷകളിൽ, ഒരു പിശുകും ഇല്ലാത്ത അപേക്ഷകളിൻമേൽ തീരുമാനം എടുക്കാതെ മനപൂർവ്വം ഞങ്ങൾക്ക് അഫിലിയേഷൻ നിഷേധിക്കുന്ന സമീപനമാണ് ഫിഷറീസ് ഡിപ്പാർട്ടുമെന്റും, മത്സ്യഫെഡ്ഡും സ്വീകരിക്കാമെന്ന് ഇങ്ങനെ 8(എ) എന്ന വകുപ്പ് ലംഘിക്കപ്പെട്ടാൽ അത് ലംഘിക്കുന്ന അപ്പെക്സ് സംഘത്തിന് എതിരായി സഹകരണസംഘം നിയമത്തിലെ 32-ാം വകുപ്പ് പ്രകാരം നടപടി സ്വീകരിക്കാനും എന്ന് സഹകരണ വകുപ്പ് വകുപ്പുമന്ത്രിയും, ഫിഷറീസ് വകുപ്പുമന്ത്രിയും രേഖാമൂലം എഴുതിതന്നിട്ടുണ്ട്. അതുകൊണ്ട് ഈ നിയമസഭ ഏകകണ്ഠമായി പാസ്സാക്കിയ വകുപ്പ് പരസ്യമായി ലംഘിക്കപ്പെടുന്ന മത്സ്യഫെഡ്ഡിനെതിരെയും അതോടൊപ്പം തന്നെ രജിസ്ട്രേഷനുവേണ്ടി അപേക്ഷ നൽകിയിട്ട് രജിസ്ട്രേഷൻ നൽകാതെ മനഃപൂർവ്വം രാഷ്ട്രീയ പ്രേരിതമായിത്തന്നെ മാറ്റിവയ്ക്കുന്ന ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർക്കെതിരെയും നടപടി സ്വീകരിക്കണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. സഹകരണ സംഘത്തിന് അഫിലിയേഷൻ തരുകയോ തരാതിരിക്കുകയോ ചെയ്യട്ടെ. കാരണം 25 മാസക്കാലത്തിനിടയ്ക്ക് 5 സബ്മിഷൻ അവത

LIBRARY ARCHIVES Kerala Legislative Assembly

രിപ്പിച്ചിട്ടും ഈ 5 സബ്മിഷനും ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി മറുപടി പറഞ്ഞത് പാർക്കലാം എന്നാണ്. ഇന്നും ഞാൻ പ്രതീക്ഷിക്കുന്നത് പാർക്കലാം എന്ന മറുപടി മാത്രമായിരിക്കും. അതുകൊണ്ട് മത്സ്യതൊഴിലാളി ക്ഷേമസംഘങ്ങൾക്ക് മത്സ്യ ഫെഡ്ഡിൽ അഫിലിയേഷൻ നൽകാത്ത നടപടിയിൽ ഞങ്ങൾ ശക്തിയായി പ്രതിഷേധിക്കുന്നു. ഈ കാര്യത്തിൽ ഗവൺമെന്റ് ഇനിയെങ്കിലും ജനാധിപത്യ മര്യാദ കാണിച്ചുകൊണ്ട് ഇടപെടണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നു.

ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) : സർ, മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും മത്സ്യഫെഡ്ഡിൽ അഫിലിയേഷൻ നൽകുന്നതിനും യാതൊരുവിധ പക്ഷപാതപരമായ നടപടിയും ഗവൺമെന്റ് സ്വീകരിക്കുന്നില്ല. സഹകരണ നിയമങ്ങളും ചട്ടങ്ങളും അനുശാസിക്കുന്ന വിധത്തിൽ രജിസ്ട്രേഷനും, അഫിലിയേഷനും നൽകുന്നുണ്ട്. '84ൽ - 8, '85ൽ - 3 , '86ൽ - 7, '87ൽ - 7, '88ൽ - 69, '89ൽ - 5, '90ൽ - 4, '92ൽ - 128, '93ൽ - 85, '94ൽ - 2, '96ൽ - 343, '97ൽ - 32, '98ൽ - 39, '99ൽ - 17. ഈ വർഷം തുടങ്ങിയ ശേഷം ഒന്ന്,. ഇത്രയും സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ മത്സ്യസഹകരണ സംഘങ്ങളുടെ അപ്പെക്സ് ബോഡിയായിട്ടുള്ള മത്സ്യഫെഡ്ഡാണ് രജിസ്ട്രേഷൻ തീരുമാനം എടുക്കേണ്ടത്. സംബന്ധിച്ച്. ശ്രീ. രാജുവിന്റെ കത്ത് കിട്ടിയതിനുശേഷം ഞാൻ തന്നെ ആവശ്യപ്പെട്ടതുപ്രകാരം ഈ 28.2.2000-ൽ കൂടിയ ബോർഡ് യോഗം അതേവരെയുള്ള അപേക്ഷകൾ പരിശോധിക്കുകയും '99 മാർച്ച് 30-വരെ സമർപ്പിച്ചിട്ടുള്ള അർഹതയുള്ള സഹകരണ സംഘങ്ങൾക്ക് അഫിലിയേഷൻ നൽകാൻ തീരുമാനിക്കുകയും ചെയ്തു.

ആകെയുണ്ടായിരുന്ന 51 അപേക്ഷകളിൽ രണ്ടെണ്ണം മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ ആയതിനാലും 6 സഹകരണസംഘങ്ങൾ 1999 മാർച്ച് 31-നുശേഷം സമർപ്പിച്ചവയായതിനാലും ബാക്കിയുള്ള 43 അപേക്ഷകളാണ് പരിഗണിച്ചത്. ഇതിൽ 16 സംഘങ്ങൾക്ക് അഫിലിയേഷൻ നൽകാൻ തീരുമാനിച്ചു. 27 സംഘങ്ങൾക്ക് വിവിധ കാരണങ്ങൾ പ്രകാരം അഫിലിയേഷൻ നൽകിയില്ല. ബൈലായുടെ പകർപ്പ് ഹാജരാക്കാത്തതും മത്സ്യബന്ധനവുമായി യാതൊരു ബന്ധവുമില്ലാത്തതുമായ സൊസൈറ്റികൾക്കാണ് അഫിലിയേഷൻ നൽകാൻ മത്സ്യഫെഡ്ഡ് വിസമ്മതിച്ചത്. ബോർഡിന്റെ തീരുമാനത്തിൽ അക്ഷേപമുണ്ടെങ്കിൽ ഫിഷറീസ് സഹകരണസംഘം രജിസ്ട്രാർക്ക് അപ്പീൽ സമർപ്പിക്കാൻ സഹകരണ (ഭേദഗതി) നിയമം സെക്ഷൻ 8എ(3) പ്രകാരം അർഹതയുണ്ട്. അതുപ്രകാരം 60 ദിവസത്തിനകം തീരുമാനമെടുക്കണമെന്ന് നിയമത്തിൽ വ്യവസ്ഥയുണ്ട്. നിയമപ്രകാരം അപ്പീൽ സമർപ്പിക്കാൻ അതിൻമേൽ നിയമപ്രകാരമുള്ള നടപടി സ്വീകരിക്കുന്നതിന് അടിയന്തിര നടപടിയെടുക്കണമെന്ന് രജിസ്ട്രാർക്ക് വേണ്ട നിർദ്ദേശം നൽകുന്നതാണ്. പക്ഷപാതപരമായിട്ട് പെരുമാറിയിട്ടില്ലെന്നുള്ള കാര്യം വീണ്ടും ഞാൻ അറിയിക്കാനാഗ്രഹിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly